ഉത്തരം

(എ)&(ബി) കേരള സിലബസ് പിന്തുടരുന്ന സ്കൂളുകളിൽ പ്രൈമറി തലത്തിൽ കമ്പ്യൂട്ടർ പഠനം നിലവിലില്ല.

(സി) താരതമ്യ പഠനം നടത്തിയിട്ടില്ല.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

(ഇ)&(എഫ്) ഡി.പി.ഇ.പി. നടപ്പാക്കിയതിനുശേഷം പ്രൈമറി ക്ലാസ്സുകളിലെ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ നിലവാരം ക്രമാനുഗതമായി ഉയർന്നതായി പ്രാഥമിക പഠനങ്ങളിൽ കാണപ്പെട്ടിട്ടുണ്ട്. ആയതിനാൽ ഡി.പി.ഇ.പി. നിറുത്തലാക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നില്ല. കേരള സിലബസ് പിന്തുടരുന്ന അൺ എയിഡഡ് റെക്കഗ്നൈസ്ഡ് (മലയാളം മീഡിയം) സ്കൂളുകളിൽ ഇപ്പോൾ തന്നെ പുതിയ പ്രൈമറി പാഠ്യപദ്ധതി നിലവിലുണ്ട്. കേരള വിദ്യാഭ്യാസ ചട്ടങ്ങൾ പ്രകാരം കേരള സിലബസ് പിന്തുടരുന്ന സ്കൂളുകളിൽ പ്രൈമറി ക്ലാസ്സുകളിൽ ഇംഗ്ലീഷ് മാദ്ധ്യമത്തിലുള്ള പഠനം അനുവദനീയമല്ല. ആയതിനാൽ ഇംഗ്ലീഷ് മീഡിയം അൺ എയിഡഡ് റെക്കഗ്നൈസ്ഡ് സ്കൂളുകളിലും, മറ്റു സിലബസ് പിന്തുടരുന്ന സ്കൂളുകളിലും ഡി.പി.ഇ.പി. പ്രാവർത്തികമല്ല.

45 (2423) ഡി.പി.ഇ.പി. യുടെ അദ്ധ്യാപക പരിശീലന പദ്ധതി

ശ്രീ. പി.എസ്. സുപാൽ :
ശ്രീ. യു.എസ്. ശശി :
ശ്രീ. സി.എൻ. ജയദേവൻ :
ശ്രീമതി ആർ. ലതാദേവി :
ശ്രീ. പി. രാജു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡി.പി.ഇ.പി. യുടെ അദ്ധ്യാപക പരിശീലന പദ്ധതി പ്രകാരം ഈ അദ്ധ്യയനവർഷം എൽ.പി., യു.പി., വിഭാഗങ്ങളിൽ എത്ര വീതം അദ്ധ്യാപകർക്ക് പരിശീലനം നൽകി;

(ബി) ഏതെങ്കിലും വിഭാഗങ്ങളുടെ പരിശീലനം നിറുത്തിവച്ചിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണം എന്താണെന്ന് വ്യക്തമാക്കുമോ;

(സി) ഈ പാഠ്യപദ്ധതി പ്രകാരമുള്ള പരിശീലനം അദ്ധ്യാപകർക്ക് യഥാസമയം ലഭിക്കുന്നില്ലെന്ന പരാതി പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഡി.പി.ഇ.പി. യുടെ അദ്ധ്യാപക പരിശീലന പരിപാടി പ്രകാരം ഡി.പി.ഇ.പി. ജില്ലകളിലെ എൽ.പി. സ്കൂൾ അദ്ധ്യാപകർക്കാണ് ഡി.പി.ഇ.പി. പരിശീലനം നൽകിവരുന്നത്. ഇതിനകം 26,700 ലധികം എൽ.പി. അദ്ധ്യാപകർക്ക് പരിശീലനം നൽകി കഴിഞ്ഞു. യു.പി. വിഭാഗം അദ്ധ്യാപകർക്ക് എസ്. സി.ഇ.ആർ.റ്റി.യാണ് പരിശീലനം നൽകിവരുന്നത്. യു.പി.യിലെ പരിശീലന പരിപാടി ആരംഭിച്ചിട്ടുണ്ട്. ആഗസ്റ്റ് മാസത്തോടുകൂടി ഇത് പൂർത്തീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

(ബി) അദ്ധ്യാപക പരിശീലനം നിറുത്തിവച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(സി) അദ്ധ്യാപക പരിശീലനം യഥാസമയം നൽകിവരുന്നുണ്ട്.

46 (2424) ഡി.പി.ഇ.പി. മൾട്ടിഗ്രേഡ് ലേണിംഗ് സെന്ററുകളുടെ പ്രവർത്തനം

ശ്രീ. ടി.കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡി.പി.ഇ.പി. മൾട്ടിഗ്രേഡ് ലേണിംഗ് സെന്ററുകൾ സംസ്ഥാനത്ത് എവിടെയെല്ലാം പ്രവർത്തനം ആരംഭിച്ചുവെന്ന് വെളിപ്പെടുത്തുമോ;

(ബി) ഈ സെന്ററുകളുടെ പ്രവർത്തനങ്ങൾ എന്തൊക്കെയാണ്;

(സി) ഈ സെന്ററുകളുടെ പ്രവർത്തനം സംസ്ഥാന വ്യാപകമായി ആരംഭിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഡി.പി.ഇ.പി.യുടെ കീഴിൽ സംസ്ഥാനത്ത് താഴെപ്പറയും പ്രകാരം 5 ഡി.പി.ഇ.പി. ജില്ലകളിലായി 42 മൾട്ടിഗ്രേഡ് ലേണിംഗ് സെന്ററുകൾ ആരംഭിച്ചിട്ടുണ്ട്.

കാസർഗോഡ്	-	10
വയനാട്	-	10
മലപ്പുറം	-	10
പാലക്കാട്	-	10
തിരുവനന്തപുരം	-	2.

(ബി) കേരള വിദ്യാഭ്യാസ ചട്ടങ്ങൾ (കെ.ഇ.ആർ) അനുശാസിക്കുന്ന വിധം റഗുലർ സ്കൂളുകൾ തുടങ്ങുന്നതിന് സാദ്ധ്യമല്ലാത്ത സ്ഥലത്താണ് ഭിന്നതല പഠനകേന്ദ്രങ്ങൾ തുടങ്ങുന്നത്. ആദിവാസി/വനമേഖലകളിൽ ചില സ്ഥലങ്ങളിൽ ആദിവാസികൾ കൂട്ടം കൂടി താമസിക്കുന്നുണ്ട്. ഈ സ്ഥലങ്ങളിൽ കുട്ടികൾക്ക് സാധാരണ സ്കൂളുകളിൽ പഠിക്കാനായി കിലോമീറ്ററുകൾ താണ്ടേണ്ടതുണ്ട്. എന്നാൽ ഈ സ്ഥലങ്ങളിൽ സാധാരണ സ്കൂളുകൾ തുടങ്ങാനാവശ്യമായ കുട്ടികളെ ലഭിക്കുന്നില്ല. ഈ സാഹചര്യത്തിലാണ് ഈ സ്ഥലങ്ങളിൽ ഭിന്നതല പഠന കേന്ദ്രങ്ങൾ തുടങ്ങിയത്. ഒരു കേന്ദ്രത്തിൽ ഒന്നുമുതൽ നാലുവരെ ക്ലാസ്സുകളിൽ പഠിക്കുന്ന പരമാവധി 50-60 കുട്ടികൾ ഉണ്ടായിരിക്കും. ഇവർക്ക് വിവിധ വിഷയങ്ങളുടെ പഠനത്തിനാവശ്യമായ പ്രത്യേക പഠന സാമഗ്രികൾ ലഭ്യമാക്കിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ പഠിക്കുന്ന കുട്ടി അഞ്ചാം ക്ലാസ്സു മുതൽക്കോ അതിനു മുമ്പോ മുഖ്യധാരയിലെത്തുന്നു. ഒരു കേന്ദ്രത്തിൽ ഒരദ്ധ്യാപകനെ വീതം നിയമിച്ചിട്ടുണ്ട്. സഹായം കൂടുതൽ വേണ്ട കുട്ടികളെ അദ്ധ്യാപകൻ കൂടുതൽ സമയം സഹായിക്കുകയും ചെയ്യുന്നു.

(സി) ഇല്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly